36 (3362) ഹയർ സെക്കന്ററി അധ്യാപകരുടെ ശമ്പള സ്കെയിൽ

<u>ശ്രീ. എം.വി. ജയരാജൻ</u> : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹൈസ്കൂൾ/പ്രൈമറി വിഭാഗങ്ങളിൽ നിന്ന് ഹയർ സെക്കന്ററി വിഭാഗത്തിലേക്ക് പ്രൊമോഷൻ വഴി നിയമനം ലഭിച്ച അദ്ധ്യാപകർക്ക് പുതിയ ശമ്പള സ്കെയിൽ അനുവദിക്കുന്നതിനുമുൻപുള്ള ശമ്പള വ്യവസ്ഥ എന്തായിരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ സ്കെയിൽ ഏർപ്പെടുത്തിയ തീയതിയായ 1-2-1998 മുതൽ പ്രസ്തുത അദ്ധ്യാപകർ വാങ്ങിവന്നിരുന്ന ശമ്പളത്തിൽ കുറവു സംഭവിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(സി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഡി) ഇത്തരത്തിൽ തുക തിരിച്ചുപിടിക്കുന്നതിനായി സർക്കാർ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ഇ) പ്രസ്തുത അദ്ധ്യാപകർക്ക് തങ്ങളുടെ സർവ്വീസിന്റെയും ഗ്രേഡിന്റേയും മറ്റും ഫലമായി ലഭിച്ചിട്ടുള്ള ഉയർന്ന ശമ്പളം പുതിയ നിയമനത്തിന്റെ ഫലമായി തിരിച്ചുപിടിക്കുന്നത് നീതിരഹിതമാണെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇത്തരത്തിൽ തങ്ങളുടേതല്ലാത്ത കാരണംകൊണ്ട് നിലവിൽ ലഭിച്ചിരുന്ന ശമ്പളത്തിൽ കുറവ് സംഭവിച്ചിട്ടുള്ള അദ്ധ്യാപകരുടെ ശമ്പളം സംരക്ഷിക്കുന്നതിന് സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

ഹൈസ്കൂളിൽ നിന്ന് ഹയർ സെക്കന്ററി വിഭാഗത്തിലേക്ക് പ്രൊമേഷൻവഴി നിയമനം ലഭിച്ച അധ്യാപകർക്ക്, പുതിയ ശമ്പള സ്കെയിൽ അനുവദിക്കുന്നതിനുമുൻപ്, അവർ ഹൈസ്കൂളിൽ തുടർന്നിരുന്നുവെങ്കിൽ ലഭിക്കുമായിരുന്ന ശമ്പളത്തോടൊപ്പം, 250/- രൂപ സ്പെഷ്യൽ പേ കൂടി ചേർത്ത് ശമ്പളം നൽകിയിരുന്നു.

(ബി) ഉണ്ട്.

(സി)&(ഡി) ഈ സംഗതികൾ കൈകാര്യം ചെയ്യുന്നത് പൊതു വിദ്യാഭ്യാസ വകുപ്പാകയാൽ ഇതു സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ ധനകാര്യ വകുപ്പിന് ലഭ്യമല്ല.

(ഇ) ഉണ്ട്.

(എഫ്) ഇക്കാര്യത്തിൽ ഭരണവകുപ്പിന്റെ ശുപാർശകൾ ഒന്നുംതന്നെ ധനവകുപ്പിന് ലഭിച്ചിട്ടില്ല. അതുലഭിക്കുന്ന മുറയ്ക്ക് യുക്തമായ തീരുമാനമെടുക്കുന്നതാണ്.

823/2010.

LIBRARY ARCHIVES Kerala Legislative Assembly